## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2998. 13.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | നിർമ്മാണം പൂർത്തിയായ അനധികൃത കെട്ടിടങ്ങൾ ക്രമപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന വെളിപ്പെടുത്താമോ; | (എ)<br>&<br>(ബി) | 31/07/2017-നോ അതിനു മുൻപോ നിർമ്മിച്ചിട്ടുള്ള അനധികൃത കെട്ടിടങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി പിഴ ഈടാക്കി ക്രമപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുനിസിപ്പാലിറ്റി /മുനിസിപ്പൽ കോർപ്പറേഷൻ, പഞ്ചായത്ത് എന്നിവിടങ്ങളിൽ 31/07/2017-നോ മുൻപോ നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി ക്രമവൽക്കരണ ചട്ടങ്ങൾ യഥാക്രമം 15/02/2018-ലെ ജി.ഒ.(പി) നം. 11/2018/തസ്വഭവ, ജി.ഒ.(പി) നം.12/2018/തസ്വഭവ. എന്നീ സർക്കാർ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | | |
| (സി) | അനധികൃത നിർമ്മാണത്തെ തുടർന്ന് വിവിധ കോടതികളിൽ കേസ്സുകളിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ക്രമപ്പെടുത്താൻ സാധിക്കുമോയെന്ന വ്യക്തമാക്കാമോ; | (സി)<br>&<br>(ഡി) | നിലവിലെ ക്രമവത്ക്കരണ ചട്ടങ്ങളനുസരിച്ച് അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ പ്രസ്തുത അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് കോടതി കേസുകളുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വെളിപ്പെടുത്തേണ്ടതുണ്ട്. അത്തരം അപേക്ഷകളിൽ കോടതി വ്യവഹാരവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടി പരിഗണിച്ച ശേഷമാണ് അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടത്. |
| (ഡി) | എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ